പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.6158

04.07.2019-ൽ മറുപടിയ്ക്ക്

# മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിനുള്ള ആനുകൂല്യങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.ഡി.സതീശൻ : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽപ്പെട്ട് മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽപ്പെട്ട് മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിനു നിലവിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന വ്യക്തിഗത അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപ ധനസഹായം നൽകി വരുന്നു. കൂടാതെ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠനാവശ്യങ്ങൾക്ക് പരമാവധി 10,000/- രൂപ (ഒരാൾക്ക് 5000/- രൂപ വീതം) നൽകി വരുന്നു.<br>കൂടാതെ ക്ഷേമനിധി ബോർഡ്, എൽ.ഐ.സി മുഖേന നടപ്പിലാക്കി വരുന്ന ആം ആദ്മി ബീമയോജന, PMJJBY/PMSBY എന്നീ പദ്ധതികൾ പ്രകാരം അപകടം മൂലമുണ്ടാകുന്ന മരണത്തിന് 4,00,000/-രൂപ സാമ്പത്തിക സഹായം നൽകുന്നു.<br>മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകട മരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ ഇൻഷ്വറൻസ് കമ്പിനികളുമായി സഹകരിച്ച് മത്സ്യഫെഡ് വ്യക്തിഗതഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. നിർദ്ദിഷ്ട പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ. നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകടമരണത്തിന് 10 ലക്ഷം രൂപയും മരണാനന്തര ചടങ്ങുകൾക്ക് 2500 രൂപയും മരിച്ച മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 10,000/- രൂപ (ഒരാളിന് 5000/- രൂപ വീതം) |

| | | | |
|---|---|---|---|
| | | | വ്യവസ്ഥകൾക്ക് വിധേയമായി നൽകി വരുന്നു. അപകടത്തിൽ അംഗവൈകല്യം സംഭവിച്ചാൽ അതിന്റെ തോത് അനുസരിച്ച് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ആനുകൂല്യം മത്സ്യബന്ധനത്തിനിടയിൽ കടലിൽ വച്ച് ഹൃദയസ്തംഭനം മൂലമോ, മസ്തിഷ്കാഘാതം മൂലമോ മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ അനന്തരാവകാശികൾക്ക് നൽകുന്നുണ്ടോ; | (ബി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് പദ്ധതി (1) പ്രകാരം നടപ്പിലാക്കുന്ന വ്യക്തിഗത അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ഹൃദയാഘാതം, സ്ട്രോക്ക് തുടങ്ങിയ അസുഖങ്ങളാൽ ഉണ്ടാകുന്ന സ്വാഭാവിക മരണങ്ങൾ ഉൾപ്പെടുന്നില്ല. അപകട മരണങ്ങൾക്ക് മാത്രമാണ് ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി ക്ലെയിമിന് അർഹതയുള്ളത്. |
| (സി) | ഇല്ലെങ്കിൽ അപകടത്തിൽപ്പെട്ട് മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ഇവർക്കും കൂടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ക്ഷേമനിധി ബോർഡ് പദ്ധതി (1) പ്രകാരം നടപ്പിലാക്കുന്ന വ്യക്തിഗത അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ഹൃദയാഘാതം, സ്ട്രോക്ക് തുടങ്ങിയ അസുഖങ്ങളാൽ ഉണ്ടാകുന്ന സ്വാഭാവിക മരണങ്ങൾ ഉൾപ്പെടുന്നില്ല. അപകട മരണങ്ങൾക്ക് മാത്രമാണ് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ക്ലെയിമിന് അർഹതയുള്ളത്. സ്വാഭാവിക മരണങ്ങൾക്ക് പരിരക്ഷ നൽകുന്നതിനാണ് ക്ഷേമനിധി ബോർഡ് എൽ.ഐ. സി യുമായി ചേർന്ന് 01.03.2018 മുതൽ 2 ലക്ഷം രൂപയുടെ പരിരക്ഷ ലഭിക്കുന്ന പി.എം.ജെ.ജെ.ബി.വൈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. നിലവിൽ സ്വാഭാവിക മരണത്തിന് ക്ഷേമനിധി ബോർഡ് 15,000/-രൂപ ധനസഹായം നൽകി വരുന്നു.<br>മത്സ്യഫെഡ് നടപ്പിലാക്കുന്ന ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടയിൽ ഹൃദയാഘാതം, ഉയർന്ന രക്തസമ്മർദ്ദം, മസ്തിഷ്കാഘാതം എന്നിവമൂലം മരിച്ചാൽ അവ ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ അവരുടെ ആശ്രിതർക്ക് "മത്സ്യത്തൊഴിലാളി ക്ഷേമനിധി" എന്ന ശീർഷകത്തിൽ നിന്നും നിബന്ധനകൾക്ക് വിധേയമായി ഒരു ലക്ഷം രൂപ മുതൽ രണ്ട് ലക്ഷം രൂപ വരെ നൽകി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**